ടി.കെ ഉബൈദ്

1205

സൂറ - 43

# അസ്സുഖ്റുഫ്

**സൂക്തം 84-86**

▼

അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്ക് ലഭിക്കുന്ന ഒരു പരിഗണനയും ബഹുമതിയുമാണ് ശിപാർശാനുമതി. അർഹിക്കുന്നവർക്കു മാത്രമേ അതു ലഭിക്കൂ. ലഭിച്ചവർ അർഹിക്കുന്നവർക്കു വേണ്ടി മാത്രമേ വിനിയോഗിക്കുകയുള്ളൂ.

وَهُوَ ٱلَّذِى فِى ٱلسَّمَآءِ إِلَٰهٌ وَفِى ٱلْأَرْضِ إِلَٰهٌ ۚ وَهُوَ ٱلْحَكِيمُ ٱلْعَلِيمُ ﴿٨٤﴾

*84*

*അവൻ മാത്രമാകുന്നു വാനലോക ദൈവം. ഭൂലോക ദൈവവും അവൻ തന്നെ. പരമ യുക്തിമാനും സർവജ്ഞനുമായിട്ടുള്ളവനും അവൻ മാത്രം.*

| | |
|---|---|
| അവൻ (മാത്രമാകുന്നു) | وَهُوَ |
| വാനലോകത്തിന്റെ ദൈവം | الَّذِي فِي السَّمَاءِ إِلَٰهٌ |
| ഭൂലോകത്തിൽ ദൈവവും (അവൻ തന്നെ) | وَفِي الْأَرْضِ إِلَٰهٌ |
| പരമ യുക്തിമാനും സർവജ്ഞനുമായിട്ടുള്ളവനും അവൻ തന്നെ | وَهُوَ الْحَكِيمُ الْعَلِيمُ |

വാനലോകത്തിനും ഭൂലോകത്തിനും വേറെ വേറെ ദൈവങ്ങളില്ല. അവൻ മാത്രമാണ് വാനലോകത്തെയും ഭൂലോകത്തെയും സൃഷ്ടിച്ചു ഭരിച്ചുകൊണ്ടിരിക്കുന്നത്. ഭൂമിയല്ലാത്തതെല്ലാം ആകാശമാണ്. മറ്റൊരു ഗ്രഹത്തെ കേന്ദ്രമാക്കി നിരീക്ഷിക്കുമ്പോൾ ഭൂമിയും ആകാശത്തിന്റെ ഭാഗമാണ്. ബഹുദൈവത്വ സങ്കൽപത്തിൽ ഭൂമി വാനലോകവുമായി ബന്ധമില്ലാത്ത അധോലോകമാണ്; ആകാശം ഉപരിലോകവും. ഉപരിലോക ദൈവങ്ങൾ വാനലോക കാര്യങ്ങൾ നോക്കുന്നു. ഭൂമിയുടെയും അതിലെ മനുഷ്യരുടെയും ഭാഗധേയം നിശ്ചയിക്കുന്നത് വേറെ ദൈവങ്ങളാണ്. ഭൂമിയിൽ തന്നെ വായു, വെള്ളം, അഗ്നി തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്യുന്നത് വ്യത്യസ്ത ദൈവങ്ങളാണ്. ഈ സങ്കൽപങ്ങളെയെല്ലാം നിഷേധിക്കുകയാണ്, ഭൂമിയിലെ ദൈവവും ആകാശത്തിലെ ദൈവവും അവൻ തന്നെയാണ് എന്ന പ്രസ്താവന.

ഇവിടെ وَهُوَ الْحَكِيمُ الْعَلِيمُ-ന്റെ താൽപര്യം, അവൻ എല്ലാം തികഞ്ഞ ജ്ഞാനത്തോടെയും യുക്തിയുക്തമായും സംവിധാനിച്ചു പ്രവർത്തി

ച്ചുകൊണ്ടിരിക്കുന്നു എന്നാണ്. അവന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളിൽ യുക്തിയിൽനിന്നും ജ്ഞാനത്തിൽനിന്നും മുക്തമായ യാതൊന്നുമില്ല. സർവശക്തനായ അല്ലാഹുവിന് അവന്റെ സൃഷ്ടിയായ പ്രപഞ്ചത്തിന്റെ കാര്യങ്ങളറിയാൻ മറ്റാരുടെ സഹായവും ആവശ്യമില്ല. അവനോളം യുക്തിദീക്ഷയും ജ്ഞാനവുമുള്ള മറ്റൊരസ്തിത്വവുമില്ല. ആകാശത്തിന്റെയും ഭൂമിയുടെയും ദൈവം അവൻ തന്നെയാണ് എന്നതിന്റെ ന്യായം കൂടിയാണ്, അവൻ മാത്രമാണ് തികഞ്ഞ യുക്തിമാനും സർവജ്ഞനും എന്ന വാക്യം. എല്ലാം അറിയുന്ന പരമ യുക്തിമാൻ മാത്രമേ ആകാശത്തിന്റെയും ഭൂമിയുടെയും ദൈവമായിരിക്കുകയുള്ളൂ. ഈ ഗുണമുള്ളവൻ അവൻ മാത്രമാകുന്നു. അതുകൊണ്ട് അവനു മാത്രമേ പ്രപഞ്ച വിധാതാവാൻ കഴിയൂ.

ഇമാം റാസിയുടെ വീക്ഷണത്തിൽ, അല്ലാഹു സ്ഥലാതീതനാണെന്നതിന്റെ വ്യക്തമായ തെളിവാണിത്. അവൻ ആകാശത്തിൽ നിലകൊള്ളുകയല്ലെന്ന് ഈ സൂക്തം പറയുന്നു. ആകാശവുമായുള്ള അവന്റെ ദിവ്യത്വ ബന്ധം ഭൂമിയുമായുള്ള ദിവ്യത്വ ബന്ധം പോലെ തന്നെയാണ്. അവൻ ഭൂമിയിൽ നിലകൊള്ളാതെ ഭൂമിയുടെ ദൈവമായിരിക്കുമ്പോൾ അതേ പ്രകാരം ആകാശത്ത് നിലകൊള്ളാതെയാണ് ആകാശത്തിന്റെയും ദൈവമായിരിക്കുക. ●

**വാനലോകത്തിനും ഭൂലോകത്തിനും വേറെ വേറെ ദൈവങ്ങളില്ല. അവൻ മാത്രമാണ് വാനലോകത്തെയും ഭൂലോകത്തെയും സൃഷ്ടിച്ചു ഭരിച്ചുകൊണ്ടിരിക്കുന്നത്.**

وَتَبَارَكَ ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا وَعِندَهُۥ عِلْمُ ٱلسَّاعَةِ وَإِلَيْهِ تُرْجَعُونَ ﴿٨٥﴾

*85*

*ആകാശ ഭൂമികളുടെയും അവയ്ക്കിടയിലുള്ള സകല ചരാചരങ്ങളുടെയും സർവാധിപതി ആരോ, അവൻ അത്യുന്നതനും അനുഗ്രഹമുടയവനുമത്രെ. ലോകാവസാനത്തിന്റെ സമയ വിവരം അവങ്കലാകുന്നു. നിങ്ങളൊക്കെയും അവങ്കലേക്ക് തന്നെ മടക്കപ്പെടുന്നതാകുന്നു.*

| | |
|---|---|
| അത്യുന്നതനും അനുഗ്രഹമുടയവനുമത്രെ | وَتَبَارَكَ |
| ആകാശ ഭൂമികളുടെയും അവയ്ക്കിടയിലുള്ള (സകല ചരാചരങ്ങളുടെയും) തിന്റെയും സർവാധിപതി ആരോ അവൻ | الَّذِي لَهُ مُلْكُ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا |
| അവങ്കലാകുന്നു | وَعِندَهُ |
| ആ സമയത്തിന്റെ (ലോകാവസാനത്തിന്റെ സമയ) വിവരം | عِلْمُ السَّاعَةِ |
| നിങ്ങൾ (ഒക്കെയും) അവങ്കലേക്കു (തന്നെ) മടക്കപ്പെടുന്നതാകുന്നു | وَإِلَيْهِ تُرْجَعُونَ |

تَبَارَكَ നേരത്തെ 40:63, 25:1,10,61, 23:14, 7:54 സൂക്തങ്ങളിൽ വന്നിട്ടുള്ളതും ഖുർആൻ ബോധനം വിശദീകരിച്ചിട്ടുള്ളതുമാണ്. അല്ലാഹുവിന്റെ അനുപമമായ മഹത്വത്തെയും അപാരമായ അനുഗ്രഹത്തെയുമാണത് കുറിക്കുന്നത്. ഈ ഗുണങ്ങൾ അതിന്റെ ഉടമയോട് അവനല്ലാത്തവരിൽനിന്ന് അത്യധികമായ ഭയഭക്തിയും ശുഭപ്രതീക്ഷയും തേടുന്നു. ആകാശലോകത്തിന്റെയും ഭൂലോകത്തിന്റെയും അവയ്ക്കിടയിലുള്ള സകലതിന്റെയും സർവാധികാരം അവനു മാത്രമുള്ളതാകുന്നു എന്നതിന്റെ അനിവാര്യതയാണ്, അവനല്ലാത്തവരെല്ലാം

അവന്റെ മാത്രം അടിമകളും വിധേയരുമായിരിക്കുക എന്നത്.

عِلْمُ السَّاعَةِ ലോകാവസാനത്തിന്റെ വിവരമാണ്. അത് എപ്പോൾ, എങ്ങനെ സംഭവിക്കും എന്ന വിവരം ഭൗതിക ലോകം നിർമിച്ചു ഭരിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിങ്കൽ മാത്രമാണ്. മറ്റാർക്കും -പ്രവാചകന്മാർക്കു പോലും- ആ വിവരം പങ്കുവെച്ചിട്ടില്ല. ഒരുനാൾ അനിവാര്യമായും ലോകാവസാനം സംഭവിക്കുമെന്നും ആർക്കും അത് തടയാനോ നീട്ടിവെക്കാനോ സാധ്യമല്ലെന്നും മാത്രമാണ് അവൻ സൃഷ്ടികൾക്കു നൽകിയിട്ടുള്ള വിവരം. നിലവിലുള്ള ലോകം അവസാനിക്കുക എന്നാൽ അതു തീരെ ശൂന്യമായിപ്പോവുകയല്ല. ലോകം ആരിൽനിന്നുളവായോ അവനിലേക്കു തന്നെ മടങ്ങുകയാണ്. وَإِلَى اللَّهِ تُرْجَعُ الْأُمُورُ - ''ഒടുവിൽ സകല കാര്യങ്ങളും അല്ലാഹുവിങ്കലേക്കു തന്നെ മടങ്ങുന്നു'' (2:210). അല്ലാഹുവിങ്കൽ തിരിച്ചെത്തുന്ന സൃഷ്ടികൾ അവർക്കു ലഭിച്ച ഭൗതിക ജീവിതം എങ്ങനെ വിനിയോഗിച്ചു എന്ന് വിചാരണ ചെയ്യപ്പെടുകയും രക്ഷാശിക്ഷകൾ വിധിക്കപ്പെടുകയും ചെയ്യും. ആ വിചാരണയെ വിജയകരമായി തരണം ചെയ്ത് കുറ്റമുക്തരായി സൗഭാഗ്യകരമായ പാരത്രിക ജീവിതം നേടുന്നതിനു വേണ്ടിയുള്ള തയാറെടുപ്പായി ഭൗതിക ജീവിതം വിനിയോഗിക്കുന്നതിനു വേണ്ടിയാണ് പ്രവാചകന്മാരും വേദങ്ങളും ഉയിർത്തെഴുന്നേൽപിനെ നിരന്തരം ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നത്. ●

**ആകാശത്തിന്റെയും ഭൂമിയുടെയും ദൈവം അവൻ തന്നെയാണ് എന്നതിന്റെ ന്യായം കൂടിയാണ്, അവൻ മാത്രമാണ് തികഞ്ഞ യുക്തിമാനും സർവജ്ഞനും എന്ന വാക്യം.**

وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ ﴿٨٦﴾

*86*
*അവനെ വെടിഞ്ഞ് ജനം പ്രാർഥിക്കുന്നവരാരും ശിപാർശാധികാരമില്ലാത്തവരാകുന്നു- ബോധപൂർവം സത്യസാക്ഷികളായവരൊഴിച്ച്.*

| | |
|---|---|
| അധികാരം, കഴിവ് ഇല്ല(ാത്തവരാകുന്നു) | وَلَا يَمْلِكُ |
| അവനെ വെടിഞ്ഞ് അവർ(ജനം) പ്രാർഥിക്കുന്നവ(രാരും)ർ | الَّذِينَ يَدْعُونَ مِن دُونِهِ |
| ശിപാർശക്ക് | الشَّفَاعَةَ |
| സത്യംകൊണ്ട് സാക്ഷ്യം വഹിച്ചവൻ (സത്യസാക്ഷികളായവർ) | إِلَّا مَن شَهِدَ بِالْحَقِّ |
| അവർ അറിഞ്ഞുകൊണ്ട് (ബോധപൂർവം) | وَهُمْ يَعْلَمُونَ |

പരലോക വിചാരണക്കോടതിയിലെ ന്യായാധിപൻ അല്ലാഹു തന്നെയാണ്. അവന്റെ മുകളിലോ താഴെയോ വേറെ ന്യായാധിപന്മാരില്ല. ആകാശ ഭൂമികൾക്കധിപനും സർവാധികാരിയും സർവജ്ഞനും, സകല സംഗതികളും തികച്ചും യുക്തിയുക്തമായി മാത്രം കൈകാര്യം ചെയ്യുന്നവനുമായ അല്ലാഹുവിന്റെ വിചാരണയിൽ കൈകടത്താനോ സ്വാധീനിക്കാനോ കഴിയുന്ന ശിപാർശകരോ വക്കീൽമാരോ അവിടെ ഉണ്ടായിരിക്കുകയില്ല. അടിമകളെ വിസ്തരിക്കാനും വിധിക്കാനുമുള്ള അധികാരം പൂർണമായും അല്ലാഹുവിനായിരിക്കും. وَاللَّهُ يَقْضِي بِالْحَقِّ ۖ وَالَّذِينَ يَدْعُونَ مِن دُونِهِ لَا يَقْضُونَ بِشَيْءٍ - ''അല്ലാഹു തികഞ്ഞ സത്യം വിധിക്കുന്നു. അവനെ വെടിഞ്ഞ് ബഹുദൈവാരാധകർ പ്രാർഥിക്കുന്നവരാരും യാതൊരു കാര്യവും വിധിക്കുന്നില്ല'' (40:20). ശിപാർശകരെ മൊത്തത്തിൽ നിഷേധിച്ച ശേഷം ഒരു വിഭാഗത്തെ അതിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. ബോധപൂർവം സത്യത്തിനു സാക്ഷികളാ

യവർ -مَن شَهِدَ بِالْحَقِّ وَهُمْ يَعْلَمُونَ- ആണവർ. ബോധപൂർവം സത്യത്തിനു സാക്ഷികളാവുക എന്നത് ശിപാർശ ചെയ്യാനുള്ള അർഹതക്കും ശിപാർശ ചെയ്യപ്പെടാനുള്ള അർഹതക്കും ഉള്ള ഉപാധിയാകുന്നു. സ്വന്തം നിലക്ക് സത്യസാക്ഷ്യം -شهادة الحقّ- നിർവഹിച്ച് അതിന്റെ താൽപര്യമനുസരിച്ച് ജീവിതം നയിച്ച് അല്ലാഹുവിന്റെ പ്രീതി നേടുക, താൻ ആർക്കു വേണ്ടിയാണോ ശിപാർശ ചെയ്യുന്നത്, വീഴ്ചകളുണ്ടെങ്കിലും അയാൾ അടിസ്ഥാനപരമായി ബോധപൂർവം സത്യസാക്ഷ്യം നിർവഹിച്ചവനാണെന്ന് ബോധ്യമുണ്ടായിരിക്കുക എന്നിവയാണ് ശിപാർശാർഹതക്കുള്ള ഉപാധി. തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി സത്യവിശ്വാസിയായിരിക്കുക, അല്ലാഹുവിങ്കൽനിന്ന് പാപമോചനം തേടുന്നവരായിരിക്കുക എന്നതാണ് ശിപാർശ ചെയ്യപ്പെടാനുള്ള അർഹത. ആർക്കു വേണ്ടിയാണോ ശിപാർശ ചെയ്യുന്നത്, അവരുടെ വിശ്വാസ-കർമ ജീവിതത്തെക്കുറിച്ച് വ്യക്തമായ അറിവില്ലാത്തവർ ശിപാർശ സമർപ്പിക്കാനർഹരാകുന്നില്ല. ബോധപൂർവം സത്യവിശ്വാസം കൈക്കൊള്ളുകയും അതിന്റെ വിധിവിലക്കുകൾ പാലിക്കുകയും ചെയ്യാത്തവർ ശിപാർശ ചെയ്യപ്പെടാനും അർഹരാകുന്നില്ല. അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്ക് ലഭിക്കുന്ന ഒരു പരിഗണനയും ബഹുമതിയുമാണ് ശിപാർശാനുമതി. അർഹിക്കുന്നവർക്കു മാത്രമേ അതു ലഭിക്കൂ. ലഭിച്ചവർ അർഹിക്കുന്നവർക്കു വേണ്ടി മാത്രമേ വിനിയോഗിക്കുകയുള്ളൂ. അർഹിക്കാത്തവർക്കു വേണ്ടി ശിപാർശ സമർപ്പിക്കുക ശിപാർശാനുമതിയെ ദുരുപയോഗപ്പെടുത്തലാണ്. അതൊരിക്കലും അല്ലാഹുവിന്റെ ഇഷ്ടദാസന്മാരിൽനിന്ന് ഉണ്ടാവുകയില്ല. ഉണ്ടായാൽ പ്രയോജനപ്പെടുകയുമില്ല. ഇക്കാര്യം ഖുർആൻ പല രീതിയിൽ ആവർത്തിച്ചു പറയുന്നുണ്ട്.

ഉദാ: لَّا تَنفَعُ الشَّفَاعَةُ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَرَضِيَ لَهُ قَوْلًا -"കരുണാമയനായ ദൈവം അനുമതി നൽകുകയും അവന്റെ മുന്നിൽ സംസാരിക്കുന്നത് തൃപ്തിപ്പെടുകയും ചെയ്താലല്ലാതെ ശിപാർശ പ്രയോജനപ്പെടുകയില്ല" (20:109). يَوْمَ يَقُومُ الرُّوحُ وَالْمَلَائِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا -"അന്ന് ജിബ്‌രീലും മലക്കുകളും അണിയണിയായി നിലകൊള്ളുന്നു. കരുണാമയൻ അനുമതി നൽകുകയും ശരിയായതു മാത്രം പറയുകയും ചെയ്യുന്നവരല്ലാതാരും അവിടെ മിണ്ടുകയില്ല" (78:38). لَا تُغْنِي شَفَاعَتُهُمْ شَيْئًا إِلَّا مِن بَعْدِ أَن يَأْذَنَ اللَّهُ لِمَن يَشَاءُ وَيَرْضَىٰ -"അവരുടെ ശിപാർശ അൽപവും പ്രയോജനപ്പെടുകയില്ല. അല്ലാഹു ശിപാർശ കേൾക്കാനുദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്തവർക്ക് അവൻ അനുമതി നൽകിയ ശേഷമല്ലാതെ" (53:26).

إِلَّا مَن شَهِدَ بِالْحَقِّ وَهُمْ يَعْلَمُونَ എന്ന വാക്യത്തിൽനിന്ന് ഫുഖഹാക്കൾ ചില കർമശാസ്ത്ര നിയമങ്ങൾ നിർധാരണം ചെയ്തിരിക്കുന്നു: 1) അന്ധമായ അനുകർത്താവിന്റെ (مقلّد) വിശ്വാസ (ايمان) വും സാക്ഷ്യവും പരിഗണനീയമല്ല. 2) ഏതു കാര്യത്തിലും സാക്ഷിയാകുന്നവൻ ആ കാര്യം നേരിട്ടറിഞ്ഞവനായിരിക്കണം. കേട്ടുകേൾവിയെ ആസ്പദമാക്കിയോ, അനുമാനിച്ചോ പറയുന്ന സാക്ഷ്യം അസാധുവാകുന്നു. ബൈഹഖിയും ഹാകിമും ഇബ്നു അബ്ബാസിലൂടെ ഉദ്ധരിച്ചിട്ടുള്ള ഒരു പ്രവാചക വചനം ഇതിനുപോദ്ബലകമാകുന്നു. اذا رأيت مثل الشمس فاشهد والا فدع (സൂര്യനെപ്പോലെ കണ്ടിട്ടുണ്ടെങ്കിൽ സാക്ഷി നിൽക്കുക. ഇല്ലെങ്കിൽ ഉപേക്ഷിക്കുക.) ●

**ഒരുനാൾ അനിവാര്യമായും ലോകാവസാനം സംഭവിക്കുമെന്നും ആർക്കും അത് തടയാനോ നീട്ടിവെക്കാനോ സാധ്യമല്ലെന്നും മാത്രമാണ് അവൻ സൃഷ്ടികൾക്കു നൽകിയിട്ടുള്ള വിവരം.**


**WANTED PRINCIPAL**

A reputed CBSE school in South Kerala looking for a Principal. Candidates should be well versed with CBSE board. Need excellent leadership skills.

Send your resume to:

**managersouthker@gmail.com**